**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**അഡീഷണൽ ഡയറക്ടറുടെ(എ&റ്റി) നടപടിക്രമം**

---

വിഷയം:- ആവഡ-ശ്രീമതി.അമ്മുക്കുട്ടി.പി.കെ-യുടെ ഫാർമസിസ്റ്റ് ഗ്രേഡ് 2 തസ്തികയിലെ സീനിയോരിറ്റി പട്ടികയിലെ സ്ഥാനം താത്ക്കാലികമായി പുനഃക്രമീകരിച്ചുകൊണ്ട് പുറപ്പെടുവിച്ച നോട്ടീസ് അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

പരാമർശം:-
1. ശ്രീമതി.അമ്മുക്കുട്ടി.പി.കെ സമർപ്പിച്ച അപേക്ഷ
2. ഉത്തരവ് നം.ഇ.എസ്3-2982/19/ആ.വ.ഡ,തീയതി : 29/07/2021
3. ഉത്തരവ് നം.ഇ.എസ്3-6081/22/ആ.വ.ഡ,തീയതി:25/05/2023
4. ഉത്തരവ് നം.ആ.വ.ഡ/11771/23/ഇ.ഇ4,തീയതി:12/09/2024
5.നോട്ടീസ് നം.ആ.വ.ഡ/5133/2025-ഇ.എസ്3,തീയതി:10/03/2025

**ഉത്തരവ് നം:ആ.വ.ഡ/5133/2025-ഇ.എസ്3,തീയതി:** 04-04-2025

---

എറണാകുളം ജില്ലയിലെ മാറാടി പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഫാർമസിസ്റ്റ് ഗ്രേഡ് 2 ജീവനക്കാരിയായ ശ്രീമതി.അമ്മുക്കുട്ടി.പി.കെ-യുടെ(PEN:833641) ഫാർമസിസ്റ്റ് ഗ്രേഡ് 2 തസ്തികയിലെ സീനിയോരിറ്റി പട്ടികയിലെ സ്ഥാനം പുനഃക്രമീകരിയ്ക്കുന്നതിനായി പരാമർശം 1 പ്രകാരം അപേക്ഷ ലഭ്യമായിരുന്നു.ടിയാൾ MRIII(1)5611/14 KPSC MLPM dated.28/03/2018 പ്രകാരം മലപ്പുറം ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ് 2 ആയി ജോലിയിൽ പ്രവേശിച്ചു.മേൽപ്പറഞ്ഞ നിയമന ശിപാർശയിലെ തീയ്യതിയായ 28/03/2018 പരിഗണിച്ച് ടിയാൾക്ക് പരാമർശം 2-ലെ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച ഫാർമസിസ്റ്റ് ഗ്രേഡ് 2 തസ്തികയിലെ 2014-2018 കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 174-ാം സ്ഥാനവും പരാമർശം 3-ലെ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച ഇതേ തസ്തികയിലെ 31/12/2021 കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 166-ാം സ്ഥാനവും നൽകിയിരുന്നു.ഈ സ്ഥാനം പരിഗണിച്ച് ടിയാൾക്ക് പരാമർശം 4 പ്രകാരം ഫാർമസിസ്റ്റ് ഗ്രേഡ് 1 ആയി സ്ഥാനക്കയറ്റം നൽകുകയും ചെയ്തു.എന്നാൽ ടിയാൾ രണ്ടാമതായി EV(1)4220/15/KPSC/EKM,DTD.13/02/2019-ലെ നിയമനശിപാർശ പ്രകാരം ഫാർമസിസ്റ്റ് ഗ്രേഡ് 2 തസ്തികയിൽ എറണാകുളം ജില്ലയിൽ ജോലിയിൽ പ്രവേശിയ്ക്കുകയും ചെയ്തതായി അപേക്ഷയിൽനിന്നും വ്യക്തമാകുന്നു.

മേൽ സാഹചര്യത്തിൽ ശ്രീമതി.അമ്മുക്കുട്ടി.പി.കെ മലപ്പുറം ജില്ലയിൽ ജോലിയിൽ പ്രവേശിച്ച ആദ്യ നിയമനശിപാർശ തീയതിയായ 28/03/2018 പരിഗണിച്ച് 2014-2018 കാലയളവിലെ ഫാർമസിസ്റ്റ് ഗ്രേഡ് 2 തസ്തികയിലെ സീനിയോരിറ്റി പട്ടികയിൽ നൽകിയിരുന്ന 174-ാം സ്ഥാനം റദ്ദ് ചെയ്യുന്നതിനായും മേൽപ്പറഞ്ഞ അതേ ശിപാർശ തീയതി പരിഗണിച്ച് 31/12/2021 കാലയളവിലെ ഫാർമസിസ്റ്റ് ഗ്രേഡ് 2 തസ്തികയിലെ സീനിയോരിറ്റി പട്ടികയിൽ നൽകിയിരുന്ന 166-ാം സ്ഥാനം പുനഃക്രമീകരിയ്ക്കുന്നതിനായും താത്ക്കാലികമായി തീരുമാനിച്ചിരുന്നു.ഇപ്രകാരം ടിയാൾ എറണാകുളം ജില്ലയിൽ ജോലിയിൽ പ്രവേശിച്ച നിയമനശിപാർശയിലെ തീയ്യതിയായ 13/02/2019 പരിഗണിച്ച് 31/12/2021 കാലയളവിലെ ഫാർമസിസ്റ്റ് ഗ്രേഡ് 2 സീനിയോരിറ്റി പട്ടികയിൽ ടിയാളുടെ സ്ഥാനം 459A ആയി താത്ക്കാലികമായി പുനഃക്രമീകരിച്ച് പരാമർശം 5 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു.ആയതിന്റെ വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| SL.NO. | PEN | Name | Advise Date | Date assigned for seniority | Existing rank no.in the seniority list of Pharmacist Grade 2 as on 31/12/2021 | Newly assigned rank no. in the seniority list of Pharmacist Grade 2 as on 31/12/2021 |
|---|---|---|---|---|---|---|
| 1. | 850936 | Remya Rajan | EV(3)2583/14/KPSC/EKM/DATED 13.02.2019 | 13/02/2019 | 459 | --- |
| **2.** | **833641** | **Ammukutty.P.K** | **EV(1)4220/15/ KPSC/EKM,DTD.13/02/2019** | **13/02/2019** | **166** | **459A** |
| 3. | 859474 | Binu Babu | DB(2) 1773/15KPSC Idukki Dated:14/02/2019 | 14/02/2019 | 460 | --- |

പ്രസ്തുത നോട്ടീസിന്മേൽ യാതൊരു ആക്ഷേപവും നാളിതുവരെ ലഭ്യമായിട്ടില്ല.ആയതിനാൽ പരാമർശം 5-ലെ നോട്ടീസ് സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.പരാമർശം 2,3-ലെ ഉത്തരവുകൾ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

Signed by Jayasree V
Date: 04-04-2025 12:29:12

**ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ(എ&റ്റി)**

സ്വീകർത്താവ്:-

1. ബന്ധപ്പെട്ട വ്യക്തിയ്ക്ക്(ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)

പകർപ്പ്:-

1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്
2. എല്ലാ ജില്ലാമെഡിക്കൽ ഓഫീസർമാർക്കും(ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)
3. സൂപ്രണ്ട്,ഇ.ഇ സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ